"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഡോ.സോന പി.എസ്, പ്രിൻസിപ്പൽ, സർക്കാർ നേഴ്സിംഗ് കോളേജ്, കാസർഗോഡ് - കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാർ തസ്തികയിലെ അന്യത്രസേവനം ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.29/2026/H&FWD തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 1/2024/ആ.കു.വ തീയതി 01.01.2024.
2. സ.ഉ.(സാധാ) നം. 114/2025/ആ.കു.വ തീയതി 17.01.2025
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 12.11.2025 ലെ ജി1/1008/2021/മെ.വി.വ നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
4. കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 08.01.2026 ലെ ബി/3229/2024/എൻ.സി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാസർഗോഡ് സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പലായിരുന്ന ഡോ.സോന പി.എസ്-ന് പരാമർശം (1) പ്രകാരം കേരള നേഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാർ തസ്തികയിൽ ഒരു വർഷ കാലയളവിലേയ്ക്ക് നിയമനം നൽകിക്കൊണ്ടും, പരാമർശം (2) പ്രകാരം അന്യത്ര സേവന കാലയളവ് ഒരു വർഷ കാലയളവിലേയ്ക്ക് ദീർഘിപ്പിച്ച കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിലിലെ രജിസ്ട്രാർ തസ്തികയിലുള്ള തന്റെ അന്യത്ര സേവന കാലാവധി 15.01.2026 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിച്ച നൽണമെന്ന് പരാമർശം (4) പ്രകാരം ഡോ.സോന പി.എസ് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. ഡോ.സോന പി.എസ്-ന് കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാർ തസ്തികയിൽ ഒരു വർഷം കൂടി അന്യത്രസേവനത്തിൽ തുടരുന്നതിൽ തടസ്സമില്ലായെന്ന നിരാക്ഷേപപത്രം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ കാസർഗോഡ് സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പലായിരുന്ന ഡോ.സോന പി.എസ്-ന് കെ.എൻ.എം.സി രജിസ്ട്രാർ തസ്തികയിൽ അനുവദിച്ച അന്യത്രസേവനം 30.06.2026 വരെ, നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമായി 15.01.2026 പ്രാബല്യത്തിൽ ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ഡോ.സോന പി.എസ്, രജിസ്ട്രാർ, കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ (C3/4/2026-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 28-01-2026 12:37:21
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്